**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1016 29.09.2011- ൽ മറുപടിക്ക്**

**ഡിസാസ്റ്റർ മാനേജ്മെന്റ് മുഖേന അനുവദിച്ച നടപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br><br>**(ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് മുഖേന അനുവദിച്ച ജില്ലയിലെ 2 നടപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ; | (എ) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് മുഖേന അനുവദിച്ച കാസർഗോഡ് ജില്ലയിലെ രണ്ട് നടപ്പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | 6 മാസത്തിനകം നിർമ്മാണം പൂർത്തീകരിക്കണമെന്ന കരാർ വ്യവസ്ഥയുണ്ടായിട്ടും 6 മാസ ത്തിനുള്ളിൽ ഒരു നിർമ്മാണവും നടത്താത്തതിന്റെ കാരണം വ്യക്ത മാക്കാമോ? | (ബി) | പ്രസ്തുത നടപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി തൃപ്തികരമല്ലാത്തതിനാൽ, നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്ന കമ്പനിയായ “കെൽ (KEL)” ന്റെ പ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കുകയുണ്ടായി. ശക്തമായ മഴയായതിനാലും, ഇതുവരെ ചെയ്തതിൽ വെച്ച് ഏറ്റവും വലിയ പ്രോജക്ട് ആയതിനാലും, പാലത്തിന്റെ സുരക്ഷ മുൻനിർത്തി ചില സാങ്കേതിക മുൻകരുതലുകൾ എടുക്കേണ്ടിയിരുന്ന തിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കാലതാമസം നേരിട്ട തായി കമ്പനിയുടെ ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിക്കുകയും തുടർന്ന് നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ കർശന നിർദ്ദേശം നൽകുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം ആരംഭി ച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ